764613

**D142644** **(Pages : 3)** **Name.......................................**

**Reg. No...................................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2026

B.Com./B.B.A.

Malayalam

MAL 2A 08(02)—MALAYALA SAHITHYA PADANAM 2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോന്നിനും 2 മാർക്ക് വീതം.

പരമാവധി 25 മാർക്ക്.

1. "അപ്പോൾ വരേയ്ക്കവരാവതില്ലാത്തവ-
   രപ്രഫുല്ലാശയര, പ്രശസ്തർ"
   —വിവക്ഷയെന്ത് ?
2. "അല്ലൽപ്പെടുന്ന കുചേലകുടുംബിനി
   യല്ലയോ നമ്മുടെ ഭാഷയിൽനിന്നും"
   —മാതൃഭാഷ കുചേല കുടുംബിനിയാകുന്ന സാഹചര്യമെന്ത് ?
3. "മനസ്സസാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം "എന്തായിരുന്നു പാപം ?
4. "ഇന്നു ഞാനറിയുന്നുണ്ട് "—എന്താണ് പരശുരാമന്റെ പുത്തനറിവ് ?
5. "നെറുകയലിരുട്ടേന്തിപ്പാറാവുനിൽക്കുമീ തെരുവു വിളക്ക് "—പ്രയോഗഭംഗി സ്പഷ്ടമാക്കുക.
6. ഏകാന്തതാരകൾ നിന്നു വിറയ്ക്കുന്നതെവിടെയാണ് ?
7. "ആ ശാപം എന്നേ കാലഹരണപ്പെട്ടു"—ഏതു ശാപത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?
8. രാമായണനാടകത്രയം എന്നറിയപ്പെടുന്ന രചനകൾ ഏതൊക്കെയാണ് ?
9. ദശരഥ മഹാരാജാവിന്റെ അവസാനത്തെ ആജ്ഞ എന്തായിരുന്നു ?
10. 'ആരും ചെയ്യാത്ത കരുമം' എന്ന് ശൂർപ്പണഖ വിശേഷിപ്പിക്കുന്നതെന്തിനെ ?
11. 'കുഴലൂത്തു പോലെ ഇത്തിരിനേരം നിലവിളിച്ചോതുങ്ങി
    —എന്ത് ? എപ്പോൾ ?

**Turn over**

764613

764613



12. 'ഭാഗ്യം വേണം എല്ലാറ്റിനും. എല്ലായ്പ്പാഴുമെന്ന പോലാകും ഇത്തവണയും'. ഈ നിരാശയ്ക്കുള്ള കാരണ ണമെന്ത് ?

13. രാജ്യത്തെ ഭക്ഷണസമ്പ്രദായത്തിൽ ദുഷന്തൻമാഷ് വരുത്തിയ പരിഷ്കാരമെന്ത് ?

14. ക്രിസ്റ്റിൻ അഹ്റോണിന്റെ യാത്രോദ്ദേശ്യം എന്തായിരുന്നു ?

15. ഏത് കുടുംബകാര്യത്തിൽ പങ്കെടുക്കാനാണ് തഞ്ചാവൂരിലെ കോളേജിൽ നിന്ന് ഒ.വി. വിജയൻ ലീവെടുത്തു പോയത് ?

(Maximum Marks = 25)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്ക് വീതം.

പരമാവധി 35 മാർക്ക്.

16. 'ഒത്തു ചേർന്നുള്ളൊരു ഭാഷയാണെൻഭാഷ'–ഭാഷയിൽ ഒത്തു ചേർന്നിട്ടുള്ളത് എന്തൊക്കെ ?

17. കൈരളി പാടവഹീനയല്ല എന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ ?

18. മഹാഗിരിശൃംഗം പൂകി ഞാൻ തപസ്സിനായ്–ആര് ? എപ്പോൾ ?

19. "എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം

    ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ"

    –സാരസ്യം വിശദമാക്കുക.

20. ബംഗ്ലാവിലെ ഒത്തുചേരലിലെ പൊതു ധാരണയുടെ ചടങ്ങും ഹരവുമായി മാറിക്കഴിഞ്ഞതെന്ത് ? കഥാ സന്ദർഭം ചൂണ്ടിക്കാട്ടി വിശദമാക്കുക

21. പ്രതീകവൽകൃതമാകുന്ന വിപ്ലവം എന്നതു കൊണ്ട് ഒ.വി. വിജയൻ സൂചിപ്പിക്കുന്നതെന്ത് ?

22. "ഈ ദുഃഖക്കടലിന്റെ നടുവിൽ നീയും എന്തിനു തുഴഞ്ഞെത്തി ?"–ഈ ചോദ്യത്തിനു പിന്നിലെ വൈകാരിക തലം അനാവൃതമാക്കുക.

23. "ആ കരുത്ത് സൂക്ഷിക്കുക. അയോധ്യക്ക് അത് ആവശ്യമായി വരും" ഇങ്ങനെ പറയുന്നതാര് ? ഏതു സന്ദർ ഭത്തിൽ ?

(Maximum Marks = 35)

764613

764613



## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.
ഓരോന്നിനും 10 മാർക്ക് വീതം.

24. ക്ഷണികവും നശ്വരവുമായ ജീവിതത്തിൽ നിന്ന് പ്രതീക്ഷയുടെയും പ്രത്യാശയുടെയും മുഹൂർത്തങ്ങൾ കണ്ടെടുക്കാനാവുമെന്ന് സഫലമീയാത്ര വെളിപ്പെടുത്തുന്നതെങ്ങനെ ?

25. മനുഷ്യസമൂഹത്തിൽ നടമാടുന്ന ഹിംസാത്മകതയെയും അനീതികളെയും സർഗാത്മകമായി പ്രതിരോധിക്കുന്ന കവിതയാണ് മഴുവിന്റെ കഥ–സമർത്ഥിക്കുക.

26. ഒരു ദുഃഖസ്മൃതിയായി അനുവാചകനെ പിന്തുടരുന്ന അനുഭവക്കുറിപ്പാണ് ഷാരോണിലെ റോസാപ്പൂക്കൾ –ഉപപാദിക്കുക.

27. കഥാപാത്രവ്യക്തിത്വത്തിന് അനുയോജ്യമായ സംഭാഷണം നിബന്ധിക്കാനുള്ള സി.എൻ.ശ്രീകണ്ഠൻ നായരുടെ പാടവം പ്രകടമാക്കുന്ന നാടകമാണ് സാകേതം–വിശദമാക്കുക.

(2 × 10= 20 marks)

764613

639148

**D124374** **(Pages : 3)** **Name.....................................**

**Reg. No..................................**

# SECOND SEMESTER (CBCSS–UG) DEGREE SUPPLEMENTARY EXAMINATION, APRIL 2025

B.Com./B.B.A.

Malayalam

MAL2A 08 (2)—MALAYALA SAHITHYA PADANAM 2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്.

1. കൈരളിയെ പാടവഹീനയെന്നു പറയാൻ കഴിയാത്തത് എന്തുകൊണ്ട് ?
2. പെറ്റമ്മയും മാതൃഭാഷയും ഒരുപോലെയാണെന്നു പറയാൻ കാരണമെന്ത് ?
3. "നില തെറ്റാതേ നിന്നേൻ ധർമ്മത്തെ സ്മരിച്ചു കൊ-

   ണ്ടുലയും മഴുത്തുമ്പിലൂന്നിയ മിഴിയുമായ്"

   –സന്ദർഭം ചൂണ്ടിക്കാട്ടുക.
4. മഹേന്ദ്രാചലത്തിലിരുന്ന് പരശുരാമൻ കണ്ട മലയാള ദേശത്തിന്റെ പ്രത്യേകതയെന്തായിരുന്നു ?
5. നെറുകയിൽ ഇരുട്ടേന്തി നിൽക്കുന്ന പാറാവുകാർ ആരാണ് ?
6. പാണിനിയെ പറ്റിച്ചവനാണ് വിശ്വാമിത്രൻ എന്ന് വി.കെ.എൻ. സ്ഥാപിക്കുന്നതെങ്ങനെ ?
7. "ഒരു കണക്കിന് പുതിയ പിള്ളേരാ ശരി"–ഈ വിലയിരുത്തലിന് ആധാരമായ സന്ദർഭമേത് ?
8. നഷ്ട് സാവിത്രിയിൽ ഡോക്ടർ കോശി കാണുന്ന തകരാറെന്ത് ?
9. "ഞാൻ മനുഷ്യക്കുട്ടിയല്ലേ ? എനിക്ക് ജീവനുണ്ട്. എനിക്ക് മമ്മയെ കാണാൻ സാധിക്കാത്തതു കൊണ്ട് സങ്കടം വരുന്നുണ്ട്. ആരുടെ വാക്കുകളാണിത് ? ഇങ്ങനെ പറയുന്ന സന്ദർഭമേത് ?
10. "മൊകത്തോട് മൊകം നോക്കി നിന്നപ്പോ കുലത്തിന്റെ മാനം മുഴ്വോനാ ചെതറിവീണത്. മുഖത്തോട് മുഖം നോക്കിനിന്നതാരൊക്കെ ? എപ്പോൾ ?
11. "സ്വച്ഛവും ലളിതവുമായ ജനസമ്മതിയുടെ മേൽ ഒരു മഹാഭാരമായി അടിച്ചേൽപ്പിക്കപ്പെട്ടു–ആ മഹാഭാരം എന്താണ് ?
12. "ആ ശാപം എന്നേ കാലഹരണപ്പെട്ടു. ഏതു ശാപത്തെക്കുറിച്ചാണ് ദശരഥൻ സൂചിപ്പിക്കുന്നത് ?

**Turn over**

639148

639148



13. "അതികാമം കൊണ്ട് അന്ധനായ സ്ത്രീജിതന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല"–ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഈ പ്രതികരണം ?

14. സീതയുടെ വീക്ഷണത്തിൽ 'അയോധ്യക്ക് നഷ്ടമായ ഭാഗ്യം' എന്താണ് ?

15. "എന്റെ ഈ യാത്രയുടെ രഹസ്യം അവർക്കറിയാം. അതുകൊണ്ടു തന്നെയാണ് അവർക്ക് എതിർപ്പ് " –രഹസ്യമെന്ത് ? എതിർക്കുന്നതാര് ?

(Maximum Marks 25)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്.

16. പുത്രധർമ്മം മറക്കുന്നത് ലജ്ജാകരവും ദുഃഖപ്രദവുമാണെന്ന് മഹാകവി വള്ളത്തോൾ പറയുന്നതെന്തു കൊണ്ട് ?

17. "അവിടെപ്പുതുനെല്ലും പൂക്കളും മണം വീശു-

    മവിടെ പ്രകൃതിയിന്നുത്സവമൊരുക്കുന്നു"

    –എവിടെ ? സന്ദർഭത്തോടു ബന്ധിപ്പിച്ച് ആശയം വ്യക്തമാക്കുക.

18. "ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ–വിവക്ഷിതം വ്യക്തമാക്കുക.

19. ദുഷ്യന്തൻ മാഷ് ഹസ്തിനപുരി പ്രവിശ്യയുടെ ഭരണം ഏറ്റെടുത്ത വിധം എങ്ങനെ ?

20. സിസ്റ്റർ ഫ്ളോറയുടെ ഹൃദയത്തിൽ സമാധാനം നഷ്ടമായതെന്തുകൊണ്ട് ?

21. ഞാൻ പറഞ്ഞില്ലേ–കല്യാണത്തിന് നിങ്ങൾക്ക് ബുദ്ധിമുട്ടുള്ള ചടങ്ങൊന്നും ഉണ്ടാവില്ല. സന്ദർഭവും ആശയ തലവും വിശദമാക്കുക.

22. "അമ്മയുടെ ഗതിവരാതെ നോക്കാൻ മകൾക്കു കരുത്തുണ്ട് "–അമ്മയും മകളും ആരൊക്കെ ? ഇവിടെ സൂചി പ്പിക്കുന്ന ദുർഗതി എന്ത് ?

23. "നീ അറിയാതെ ചെയ്ത പാപമാകയാൽ നിനക്കു വലിയ വിപത്തുണ്ടാകയില്ല"—പാപി ആര് ? പാപമെന്ത് ?

(Maximum Marks 35)

639148

639148



## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. 10 മാർക്ക് വീതം.

24. മഴുവിന്റെ കഥ എന്ന കവിതയിലൂടെ ബാലാമണിയമ്മ പ്രകടമാക്കുന്ന ജീവിതദർശനമെന്തെന്ന് നിരീക്ഷിക്കുക.

25. മനുഷ്യബന്ധങ്ങളിൽ വന്നുഭവിച്ച തകർച്ചയുടെയും മൂല്യരാഹിത്യത്തിന്റെയും കലാത്മകമായ ആവിഷ്കരണമാണ് ബംഗ്ലാവ് എന്ന ചെറുകഥ–സമർത്ഥിക്കുക.

26. ഒ.വി. വിജയന്റെ നൈതികജാഗ്രതയുള്ള രാഷ്ട്രീയ മനസ്സിന്റെ പ്രതിഫലനമാണ് ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ–നിരൂപിക്കുക.

27. നാടകത്തിന്റെ ജീവൻ സംഭാഷണമാണ് എന്ന് തെളിയിക്കും വിധമാണ് സി.എൻ. രാമായണനാടകത്രയം സൃഷ്ടിച്ചിരിക്കുന്നത്. സാകേതത്തെ ആസ്പദമാക്കി വിലയിരുത്തുക.

(2 × 10 = 20 marks)

639148

515372

**D 103684** **(Pages : 2)** **Name.......................................**

**Reg. No...................................**

**SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2024**

(B.Com./B.B.A.)

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM 2

(2019–2023 Admissions)

Time : Two Hours and a Half — Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ'–ആശയമെന്ത് ?

2 'ശരിയാ, നമ്മളെതിർത്താലും അവര് ഒന്നിച്ച് ജീവിക്കും. സഹകരിച്ചാ നമുക്ക് കൊള്ളാം–സന്ദർഭം വ്യക്തമാക്കുക.

3 'വരുംകൊല്ലമാരെന്നു, മെന്തെന്നുമാർക്കറിയാം'–ഈ ചിന്തയുടെ പിന്നിലെ പ്രേരണ എന്ത് ?

4 'മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം' ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

5 'മരണങ്ങളുടെ തമാശയിൽ ഹരംകൊണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിന് മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു'–സന്ദർഭം വ്യക്തമാക്കുക.

6 'നമുക്കുടനെ ദർഭപ്പുല്ലുകൊണ്ട് കിടക്ക വിരിച്ച് അതിൽ കിടന്ന് ഗാന്ധർവ്വം ഉദ്ഘാടനം ചെയ്യാം'. ആരാണ് ഇങ്ങനെ പറഞ്ഞത് ? സന്ദർഭമേത് ?

7 രണ്ട് പേര് ! ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണുങ്ങള് !–സൂചനയെന്ത് ?

8 സാകേതം എന്ന വാക്കിന്റെ അർത്ഥമെന്ത് ? സാകേതം എന്ന നാടകത്തിലെ നായകനാര് ?

9 'അയോദ്ധ്യയിലെ രാജാക്കന്മാർ ഭാവിയിലെങ്കിലും സ്ത്രീക്കു വേണ്ടി രാജ്യത്തെ ഹോമിക്കാതിരിക്കട്ടെ.' ആശയവും സന്ദർഭവും വ്യക്തമാക്കുക.

10 ഒരു സിന്ദൂരപ്പൊട്ടായി ലേഖകന് തോന്നിയത് ഏതു കാഴ്ചയാണ് ?

11 'സ്വത്തിന്റെ കാര്യോന്നും ഇബടെ ആരും പറഞ്ഞില്യ. ഒരു പാവടെ കാര്യല്ലേ ഇബടെ പറേണത് ?' സന്ദർഭം വ്യക്തമാക്കുക.

12 'സുഹൃത്തേ ഞാനെന്റെ ജീവിതം ഉപേക്ഷിക്കാൻ പോവുകയാണ്. ഞാനതിനെ ആത്മഹത്യ എന്ന് വിളിക്കുകയില്ല'–ക്രിസ്റ്റിൻ അഹ്റോൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

13 തല പുറകിലേക്കെറിഞ്ഞ് തോളുകൾ കുലുക്കി ശൂർപ്പണഖ ഉച്ചത്തിലുച്ചത്തിൽ ചിരിക്കാൻ തുടങ്ങി. കാരണമെന്ത് ?



515372

515372



14 ഓർമ്മകൾ ഉണ്ടായിരിക്കണമെന്ന് എൻ.എൻ. കക്കാട് പറയുന്നു, ഏതൊക്കെ ഓർമ്മകളാണ് ?

15 മാതൃഹന്താവിൻ മഴുപൊന്താത്തതെന്തീസ്സുഖോന്മത്തർതൻ നേർക്ക് ? ആരുടെ മനസ്സിലാണ് ഇങ്ങനെ തോന്നിയത് ? കാരണമെന്ത് ?

(25 marks)

## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 'മോദസ്ഥിതനായതെങ്ങു വസിപ്പൂ മല പോലെ' എന്ന കഥയിൽ ജാതിമേൽക്കോയ്മയെ സൂചിപ്പിക്കാൻ വസ്ത്രം കടന്നുവരുന്നതെങ്ങനെ ?

17 പരശുരാമൻ അമ്മയെ കൊല്ലാൻ കാരണമെന്ത് ?

18 സഫലമീയാത്രയിൽ കവി മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങൾ എന്തൊക്കെയാണ് ?

19 'നീയും പുത്രശോകത്താൽ മരിക്കും' എന്ന ശാപം ദശരഥന് കിട്ടിയതെങ്ങനെ ?

20 പഞ്ചവടിയും ഗോദാവരിയും തീരവും ശൂർപ്പണഖയ്ക്ക് നൽകുന്ന ഓർമ്മകൾ എന്തെല്ലാമാണ് ?

21 പാവക്കുട്ടിയെ പ്രേമയ്ക്ക് കൊടുക്കാൻ നേരം എന്തു പറഞ്ഞാണ് കമലയെ അമ്മമ്മ ആശ്വസിപ്പിച്ചത് ?

22 പുരാണ കഥാപാത്രങ്ങളെ സാധാരണക്കാരാക്കി അവതരിപ്പിക്കുകയാണ് ദുഷ്യന്തൻ മാഷ് എന്ന കഥയിൽ–വിലയിരുത്തുക.

23 വള്ളത്തോളിന്റെ മാതൃഭാഷാ സ്നേഹം 'എന്റെ ഭാഷ' എന്ന കവിതയിൽ തെളിഞ്ഞു കാണാം. വിശദീകരിക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥ നൽകുന്ന സന്ദേശമെന്ത് ? ചർച്ച ചെയ്യുക.

25 സമകാലിക സാമൂഹികാവസ്ഥകളെ ദുഷ്യന്തൻ മാഷ് എന്ന കഥയിൽ വി.കെ.എൽ. എത്രത്തോളം അവതരിപ്പിച്ചിട്ടുണ്ട്. വിശദീകരിക്കുക.

26 തുറന്നെഴുത്തിന്റെ സൗന്ദര്യം പാവക്കുട്ടി എന്ന ഓർമ്മക്കുറിപ്പിൽ കാണാം. വിലയിരുത്തുക.

27 അന്ത്യഘട്ടങ്ങളിൽ ആത്മനിന്ദയും പശ്ചാത്താപവും മാത്രമേ പരശുരാമന് കൂട്ടിനുള്ളൂ–സമർത്ഥിക്കുക.

($2 \times 10 = 20$ marks)

515372

**C 43105** **(Pages : 2)** **Name.....................................**

**Reg. No..................................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2023

B.Com./B.B.A.

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM 2

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 രാമായണനാടകത്രയം എന്നറിയപ്പെടുന്ന കൃതികളേവ ?

2 “മത്താടിക്കൊൾകഭിമാനമേ നീ”—എന്തു കൊണ്ടാണ് കവി ഭാഷയോട് മത്താടിക്കൊള്ളാൻ പറയുന്നത് ?

3 “എന്നെയോർക്കുന്നീലെൻ തോൾ ഞെരിച്ച മഴുവേയും”– പരശുരാമൻ ഇപ്രകാരം ചിന്തിക്കുന്നതിന് കാരണമെന്ത് ?

4 “ഒരു പക്ഷേ രാമന്റെ പരീക്ഷണം അതായിരിക്കും” വസിഷ്ഠൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

5 “അപ്പൊഴാരെന്നുമെന്തെന്നുമാർക്കറിയാം”—കവി വിവക്ഷ എന്തെന്ന് വ്യക്തമാക്കുക.

6 എന്താണ് ദുഷ്യന്തൻ മാഷിന് മനഃപാഠമായിരുന്നത് ?

7 ‘എന്റെ നാലു മക്കളുടെ പ്രാരാബ്ധങ്ങൾക്കിടയിലേക്ക് നീയും’—സന്ദർഭം വ്യക്തമാക്കുക.

8 ‘അവനവന്റെ കുലത്തിന്റെ വേരറുത്തു’—ശൂർപ്പണഖ ഇപ്രകാരം പറയുന്നതിന് കാരണമെന്ത് ?

9 ‘നമ്മളെതിർത്താലും അവർ ഒന്നിച്ച് ജീവിക്കും സഹകരിച്ചാ നമുക്ക് കൊള്ളാം’—സന്ദർഭവും ആശയവും വ്യക്തമാക്കുക.

10 ‘എനിക്ക് കഠിനമായ വെറുപ്പുണ്ടായിരുന്നു’—ഒ.വി. വിജയൻ ഇവിടെ സൂചിപ്പിക്കുന്നതെന്ത് ? കാരണമെന്ത് ?

11 പ്ലെഖനോവിന് എന്ത് തിരിച്ചറിവാണുണ്ടായത് ?

12 ‘മരണത്തിന്റെ ഏതോ ഒരു ഗന്ധം ആത്മാവിൽ ഇടയ്ക്കിടെ ഉയർന്നു വരുന്നതായി എനിക്കു തോന്നി’ —സന്ദർഭം വ്യക്തമാക്കുക.

13 ‘സ്വാർത്ഥം പഠിച്ചു വച്ചാപ്പിന്നെ കുട്ടികള് നശിക്കും’—അമ്മമ്മ ഇങ്ങനെ പറയാൻ കാരണമെന്ത് ?

14 ‘ഈ നശിച്ച കൂനിൽ ഇത്രയും ദുഷ്ടതയോ’—ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

15 ‘ഏകനായ് മുന്നോട്ടേറി ഞാൻ മാത്രം പിതൃപ്രിയൻ—ആര് ? സന്ദർഭമെന്ത് ?

(25 marks)

**Turn over**

389765



## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 'മുള്ളുമുരിക്കിൽ മാങ്കനി എങ്ങനെയുണ്ടാകും'—സുമന്ത്രരുടെ ഈ ചോദ്യത്തിന്റെ സൂചിതമെന്ത് ?

17 'ഇനിക്ക് വേണ്ടിട്ട് മാത്ര, അവൻ പൂത്ത് മറിയണത്'—സന്ദർഭവും ആശയവും വ്യക്തമാക്കുക.

18 'വർത്തമാനകാലത്തിന്റെ നന്മയെ നാം തിരിച്ചറിയേണ്ടതുണ്ട് എന്ന് തന്റെ കവിതയിലൂടെ അവതരിപ്പിക്കുകയാണ് എൻ.എൻ. കക്കാട്'—വിശദമാക്കുക.

19 'ആംബുലൻസിന് മുമ്പിൽ കയറിപ്പോകാൻ ഒക്കാത്തവിധം അയാൾ കാറോടിച്ചു'—ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വൈരുദ്ധ്യം വ്യക്തമാക്കുക.

20 'ഞാൻ മനുഷ്യക്കുട്ടിയല്ലേ ? എനിക്ക് ജീവനുണ്ട്'—സന്ദർഭവും ആശയവും വ്യക്തമാക്കുക.

21 അല്ലൽപ്പെടുന്ന കുചേല കുടുംബിനിയല്ലയോ നമ്മുടെ ഭാഷയിന്നും. കവി ഇപ്രകാരം വിഷാദിക്കുന്നതിന് കാരണമെന്ത് ?

22 'കേൾപ്പിൻ ജനമേ' എന്ന് പറഞ്ഞു കൊണ്ട് ദുഷ്യന്തൻ ജനങ്ങളോട് പറഞ്ഞതെന്തെല്ലാം ?

23 ജാത്യാധിഷ്ഠിത മേൽക്കോയ്മയ്ക്കൊപ്പം നിൽക്കാൻ പവിത്രയുടെ അമ്മ ബോധപൂർവ്വം ചെയ്യുന്ന പ്രവൃത്തികളെന്തെല്ലാം ?

(35 marks)

## Section C

III. മൂന്നു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

24 'ദാമ്പത്യം, കുടുംബം തുടങ്ങിയ സാമൂഹിക ബോധത്തെ തച്ചുടയ്ക്കുന്ന കഥയാണ് ബംഗ്ലാവ്'—വിശദമാക്കുക.

25 ഹൃദയസ്പർശിയായ രംഗങ്ങൾ ചേർന്നിരിക്കുന്ന ഒരു ദുരന്തനാടകമെന്ന നിലയിൽ 'സാകേതം' എന്ന രാമായണ നാടകത്തെ വിലയിരുത്തുക.

26 'സ്ത്രീസ്വത്വത്തെ അപമാനിക്കുകയാണ് തായ്കുലം എന്ന കഥയിൽ'—ശൂർപ്പണഖയുടെയും സീതയുടെയും അനുഭവങ്ങളെ മുൻനിർത്തി ഉപന്യസിക്കുക.

27 'എന്റെ ഭാഷ' എന്ന കവിതയുടെ സമകാലിക പ്രസക്തി എന്തെന്ന് വിശദമാക്കുക.

($2 \times 10 = 20$ marks)

389765

**258795**

**C 23802** **(Pages : 2)** **Name.......................................**

**Reg. No...................................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2022

(B.Com./B.B.A.)

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM – 2

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 'പാടവഹീനയെന്നാർ പറയും'—സൂചിതമെന്ത് ?

2 'ഭൂതലമെനിക്കൊരു തൂനിഴലായേ തോന്നീ'—ചിന്തയ്ക്ക് അടിസ്ഥാനമെന്ത് ?

3 'വരും കൊല്ലമാരെന്നുമെന്തെന്നുമാർക്കറിയാം'. വിവക്ഷയെന്ത് ?

4 'നീ എന്റെ മകളായല്ലോ കുഞ്ഞേ' സന്ദർഭവും ആശയവും എഴുതുക.

5 ദുഷ്യന്തൻ മാഷ് നായാട്ടിനിറങ്ങാനിടയായ സാഹചര്യമെന്ത് ?

6 ആത്മകഥ, ജീവചരിത്രം ഇവ എന്തെന്ന് വ്യക്തമാക്കുക.

7 'അതിന്റെ മീത്യാ അവരുടെ എലച്ചാല പടുത്തത്'—സൂചിതമെന്ത് ?

8 'ഒരു കണക്കിന് പുതിയ പിള്ളേരാ ശരി'—ഈ പ്രസ്താവനയുടെ പൊരുളെന്ത് ?

9 ചൈനീസ് വിപ്ലവത്തെക്കുറിച്ച് ലേഖകൻ അഭിപ്രായപ്പെടുന്നതെന്ത് ?

10 'സിസ്റ്റർ ഫ്ലോറയ്ക്ക് നന്നേ ക്ഷോഭം തോന്നി'—കാരണമെന്ത് ?

11 'ഇല്ലെങ്കിൽ ദുഃഖം തന്നെ ഫലം'—ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

12 രാമായണനാടകത്രയം എന്നറിയപ്പെടുന്നത് ഏത് നാടകങ്ങളെയാണ് ?

13 തന്റെ മനസ്സിൽ എന്ത് മന്ത്രിച്ചതായാണ് പരശുരാമൻ പറയുന്നത് ?

14 അഹ്റോന്റെ മരണവാർത്ത ലേഖകനിൽ ഉണ്ടാക്കിയ പ്രതികരണം എന്തായിരുന്നു ?

15 ഇത്തിരിശാന്തിതൻ ശർക്കര നുണയാൻ നാം എന്തെല്ലാം കടന്നു പോകണമെന്നാണ് കവി പറയുന്നത് ?

(പരമാവധി മാർക്ക് 25)

### Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 ശൂർപ്പണഖ വരച്ചിടുന്ന അയോമുഖിയുടെ ചിത്രം എങ്ങനെയുള്ളതായിരുന്നു ?

17 മന്ഥര എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

**Turn over**

**258795**

258795



18 'എനിക്ക് ആ പ്രവൃത്തി തീരെ ഇഷ്ടപ്പെട്ടില്ല '–സന്ദർഭമെന്ത് ? വിശദമാക്കുക.

19 കേരളനാടിന്റെ ജന്മത്തെക്കുറിച്ച് പരശുരാമന്റെ കാഴ്ചകൾ കവയിത്രി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

20 വി.കെ.എൻ.ന്റെ രചനാരീതിയും ഭാഷയും മറ്റ് കഥകളേതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ ?

21 ബ്രിട്ടീഷ് മുതലാളിത്തം സോഷ്യലിസത്തിന് വഴിമാറുമെന്ന മാർക്സിന്റെ പ്രവചനം ഫലിച്ചില്ല–പ്രസ്താവനയോട് പ്രതികരിക്കുക.

22 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയിൽ ജാതിയുടെ നിരീക്ഷണങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത് എപ്രകാരമെന്ന് വ്യക്തമാക്കുക.

23 സാമൂഹിക സദാചാര സങ്കല്പവും മൂല്യബോധവും തർന്നടിയുന്ന കാലത്തെ ചിത്രീകരിക്കുകയാണ് ബംഗ്ലാവ് എന്ന കഥയിൽ–വിശദമാക്കുക.

(പരമാവധി മാർക്ക് 35)

## Section C

III. മൂന്നു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

24 ശാപവും ദുരന്തവും പാപകർമ്മത്തിന്റെ ചരടിൽ കോർത്തിരിക്കുന്നു എന്നതിന്റെ അടയാളപ്പെടുത്തലാണ് സാകേതം നാടകം–ഉപന്യസിക്കുക.

25 സ്ത്രീവ്യക്തിത്വം എന്ന ആശയത്തെ മുൻനിർത്തി തായ് കുലം എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

26 ജന്മനാടും അതിന്റെ സംസ്കാരവും മാതൃഭാഷയുമായി ചേർന്നു നിൽക്കുന്നു–എന്റെ ഭാഷ എന്ന കവിതയെ ആസ്പദമാക്കി ഉപന്യസിക്കുക.

27 'ഷാരോണിലെ റോസാപ്പൂക്കൾ ഒരേ സമയം സ്നേഹത്തെയും കാപട്യത്തെയും അടയാളപ്പെടുത്തുന്നു '–വിശദമാക്കുക.

($2 \times 10 = 20$ marks)

258795

189315

**C 22012** **(Pages : 2)** **Name..................................**

**Reg. No...............................**

## SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2022

Malayalam (B.Com/BBA)

MAL 2A 08 (2) – MALAYALA SAHITHYA PADANAM 2

(2021 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer atleast* **ten** *questions.*
*Each question carries 3 marks.*
*All questions canbe attended.*
*Overall Ceiling* 30.

1. ഏതു സാഹചര്യത്തിലാണ് നമ്മുടെ ഭാഷ കുചേലകുടുംബിനിയായിപ്പോകുന്നത്?

2. ബുദ്ധിമാൻമാരോട് ഭാഷാസ്നേഹിയായ കവി നടത്തുന്ന ആഹ്വാനമെന്ത്?

3. ''അലക്ഷ്യവർത്മാവ്യൃഷി മക്കളോടുരചെയ്താൻ'' - എന്ത്?

4. മലയാള ദേശത്തെ മഹേന്ദ്രാചലത്തിലിരുന്ന് പരശുരാമൻ നിരീക്ഷിച്ചതെങ്ങനെ?

5. ''എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം''-എന്തിനു വേണ്ടി?

6. ''ഈ ദിവസത്തിൽ മാത്രമല്ലാത്തൊരു ബന്ധത്തെപ്പറ്റി നീ ചിന്തിക്കുന്നതു പോലും എനിക്കിഷ്ടമല്ല'' - വക്താവിന്റെ മനോഗതം വ്യക്തമാക്കുക.

7. ''പുരാതനമായ ഓർമ്മപ്പെടുത്തലുകളോടെ അനവധി തണൽമരങ്ങളുടെ സാരള്യത്തിന് നടുവിൽ അത് നിന്നു-'' എന്തിനെക്കുറിച്ചാണ് സൂചന?

8. ''രാവണപ്പെരുമാള്ക്ക് അടവീല് തോല്മയില്ല''-ശൂർപ്പണഖ ഇങ്ങനെ ചിന്തിക്കുന്നതെന്തുകൊണ്ട് ?

9. ദുഷ്യന്തൻ മാഷ് രാജ്യത്ത് ആദ്യം വരുത്തിയ പരിഷ്കാരമെന്ത്?

10. ഞാൻ എവിട്യാർന്നാലും ഇതിന്റെ കെന്തം എന്നെ എളക്കും - വക്താവാര് ? സൂചനയെന്ത്

11. ''പ്രത്യയശാസ്ത്രത്തിനും പ്രവചനത്തിനുമപ്പുറം അതു മഞ്ഞ മനുഷ്യന്റെയും വെളുത്ത മനുഷ്യന്റെയും ശുദ്ധസംഘട്ടനമായി''-എന്താണ് സൂചിതം?

12. വീട്ടിൽ വച്ചുതന്നെ പവിത്രയുടെയും അനൂപിന്റെയും കല്യാണം നടത്തണമെന്ന് ചന്ദ്രമോഹൻ തീരുമാനിച്ചതിനു കാരണമെന്ത്?

**Turn over**

189315

13. ക്രിസ്തീൻ അഹ്റോണിന്റെ യാത്രയുടെ ഉദ്ദേശ്യം എന്തായിരുന്നു?

14. ''അയോധ്യക്ക് നഷ്ടമായ ഭാഗ്യം'' എന്ന് സീത വിശേഷിപ്പിക്കുന്നത് എന്തിനെപ്പറ്റിയാണ്?

15. ആ ശാപം എന്നേ കാലഹരണപ്പെട്ടു. ഏതു ശാപം.

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*

*Each question carries* 6 *marks.*

*All questions canbe attended Overall Ceiling* 30.

16. ''മത്താടിക്കൊൾകഭിമാനമേ നീ'' - സന്ദർഭം വ്യക്തമാക്കുക.

17. ''കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറേ'' - ആശയം വ്യക്തമാക്കുക.

18. ''ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ'' എന്ന അഭ്യർത്ഥനയുടെ ഉൾപ്പൊരുളെന്ത്?

19. ''ഭാഗ്യം വേണം എല്ലാറ്റിനും. എല്ലായ്പോഴുമെന്നപോലാകും ഇത്തവണയും'' — വിവക്ഷിതം വ്യക്തമാക്കുക.

20. അവളുടെ പെണ്മയെ ആകെ പിടിച്ചുലച്ചുകൊണ്ട് ഇടയ്ക്കിടെ ഉന്മത്തമായി അതൊഴുകിയെത്താറുണ്ട് —വിവക്ഷിതം വ്യക്തമാക്കുക.

21. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മന്ദഗതിയും തളർച്ചയും തുടങ്ങിയത് എവിടെ നിന്നെന്നാണ് ഒ.വി. വിജയൻ അഭിപ്രായപ്പെടുന്നത്?

22. ''മുള്ളുമുരിക്കിൽ മാങ്കനി എങ്ങനെയുണ്ടാകും''—ഈ ചൊല്ലിന് സാകേതം നാടകത്തിലുള്ള പ്രാധാന്യമെന്ത്?

23. ''പോകാൻ വന്നതല്ലെങ്കിൽ നാം കാത്തിരുന്ന മൃത്യു തന്നെ ആയിരിക്കും''—സന്ദർഭവും ആശയവും വിശദീകരിക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*

*Each question carries* 10 *marks.*

24. വി.കെ. എന്നിന്റെ രചനാശൈലിയുടെ കരുത്ത് ദുഷ്യന്തൻ മാഷിൽ പ്രകടമാകുന്നതെങ്ങനെ?

25. ആധുനികാനന്തര കാലത്തിന്റെ മനുഷ്യസമസ്യകളെ പ്രതീകാത്മകമായി വെളിപ്പെടുത്തുന്ന ചെറുകഥയാണ് ബംഗ്ലാവ് —സമർത്ഥിക്കുക.

26. വഴിയോരക്കാഴ് ചകളായിപ്പോയ ഓർമ്മകളെ തിരികെ പിടിക്കുന്ന കവിതയാണ് സഫലമീ യാത്ര —വിലയിരുത്തുക.

27. മനുഷ്യകുലത്തിന്റെ അപമാനവിക പ്രവണതകൾക്കെതിരെ പൗരാണിക പ്രമേയം കൊണ്ടു നടത്തുന്ന പ്രതിരോധമാണ് മഴുവിന്റെ കഥ—നിരൂപിക്കുക.

(2 × 10 = 20 marks)



171105

C 4313 (Pages : 3) Name..................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (B.Com./B.B.A)

MAL 2A 08 (2)—MALAYALA SAHITHYA PADANAM – II

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer atleast* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1 "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ"
—വിവക്ഷയെന്ത് ?

2 നമ്മുടെ ഭാഷ കുചേലകുടുംബിനിയായിപ്പോകുന്ന സാഹചര്യമേത് ?

3 "തിന്മയെത്തകർക്കുവാനല്ലെങ്കിൽ, ക്കരാളമീ
വെണ്മഴുവെനിക്കേകിയെന്തിനീ സദാശിവൻ"
—വക്താവാര് ? ഇങ്ങനെ പറയുന്ന സന്ദർഭമേത് ?

4 "നില തെറ്റാതേ നിന്നേൻ ധർമ്മത്തെ സ്മരിച്ചു കൊ-
ണ്ടുലയും മഴുത്തുമ്പിലൂന്നിയ മിഴിയുമായ്"
—ആര് ? എപ്പോൾ ?

5 ആതിരയെ സ്വീകരിക്കേണ്ടതെങ്ങനെയാണെന്നാണ് കവി പറയുന്നത് ?

6 സദാസമയവും പുഞ്ചിരി തൂകുവാൻ മാത്രമേ അവൾക്ക് കഴിഞ്ഞിരുന്നുള്ളൂ–ആർക്ക് ?സന്ദർഭം വിശദമാക്കുക.

7 ആരും ഇന്നോളം ഇത്തരമൊരു കരുമം ചെയ്തിട്ടില്ല—സൂചിതമെന്ത് ?

8 'ആ ഫോട്ടോ അവിടെ വയ്ക്കണമെന്നുണ്ടോ'—ഏതു ഫോട്ടോയെക്കുറിച്ചാണ് പരാമർശം ?

9 ദുഷന്തൻ മാഷിന്റെ രാജ്യാതിർത്തി എങ്ങനെയായിരുന്നു ?

10 'ഇങ്ങനെയൊരു തകരാറും ഈ സാവിത്രിയ്ക്കുണ്ട്'—തകരാറെന്താണ് ?

Turn over



111105

76622



11 കേകയത്തിന്റെ കളിപ്പാവ എന്ന് ലക്ഷ്മണൻ വിശേഷിപ്പിച്ചതാരെ ? എന്തുകൊണ്ട് ?

12 അയോധ്യയിലെ മഹാരാജാവിന്റെ അവസാനത്തെ ആജ്ഞ എന്തായിരുന്നു ?

13 'അതികാമം കൊണ്ട് അന്ധനായ സ്ത്രീജിതന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല '—ആരെക്കുറിച്ച് ആരാണിത് പറയുന്നത് ? ഏതു സന്ദർഭത്തിൽ ?

14 'അനുകമ്പയുടെ വിപ്ലവം' എന്ന് ഒ.വി. വിജയൻ വിളിക്കുന്നതെന്തിനെ ?

15 ക്രിസ്റ്റിൻ അഹ്റോണിന്റെ പുഞ്ചിരി ലേഖകനിൽ ഉളവാക്കിയ അനുഭവമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16 മലയാളഭാഷ ദരിദ്രയല്ലെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ ?

17 'മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം' വിവക്ഷയെന്തെന്ന് വിശദമാക്കുക.

18 ഒക്കെയുമൊക്കെയുമോർമ്മകളായിരിക്കാം—ആ ഓർമ്മകളുടെ സവിശേഷതയെന്ത് ?

19 'മരണങ്ങളുടെ തമാശയിൽ ഹരം കണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിനു മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു '—സന്ദർഭവും ആശയതലവും വ്യക്തമാക്കുക.

20 ആ കെടപ്പീന്ന് എഴുന്നേറ്റ് വന്ന് അച്ഛനിതിപ്പം കാണാൻ പോകുന്നുണ്ടോ–എന്തു കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

21 ആ കരുത്ത് സൂക്ഷിക്കുക–അയോധ്യയ്ക്ക് അത് ആവശ്യമായി വരും. ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത് ?

22 അമ്മയുടെ ഗതിവരാതെ നോക്കാൻ മകൾക്കു കരുത്തുണ്ട്–അമ്മയുടെ ഗതി എന്തായിരുന്നു ?

23 ഈ ദുഃഖക്കടലിന്റെ നടുവിൽ നീയും എന്തിനു തുഴഞ്ഞെത്തി–ആരോടുള്ളതാണീ ചോദ്യം ? ഇതിന്റെ പൊരുളെന്ത് ?

(5 × 6 = 30marks)

76622

76622



## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

24 എല്ലാത്തരത്തിലുള്ള ഹിംസാത്മകതയെയും ചോദ്യം ചെയ്യുന്ന കവിതയാണ് മഴുവിൻെറ കഥ– സമർത്ഥിക്കുക.

25 ബംഗ്ലാവ്, മോദസ്ഥിതസനായങ്ങിരിപ്പൂ മല പോലെ എന്നീ കഥകളെ ആധുനികാനന്തര ജീവിത സാഹചര്യത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുക.

26 പുത്രവിയോഗ ദുഃഖത്തിലും പാപബോധത്തിലും ഉഴലുന്ന ദശരഥ മഹാരാജാവിന്റെ ജീവിതത്തെ എത്രത്തോളം ഭാവതീവ്രതയോട് അവതരിപ്പിക്കാൻ സി.എന്നിനു കഴിഞ്ഞുവെന്ന് പരിശോധിക്കുക.

27 'ആയിരത്തിത്തൊള്ളായിരത്തി അമ്പത്തേഴിന്റെ ചരിത്രപരമായ കടമ' എന്ന് ഒ.വി. വിജയൻ നിരീക്ഷിക്കുന്നതെന്ത് ? 'ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ' എന്ന ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക.

(2 × 10 = 20 marks)

11105 11105 11105

76622

C 82368-B (Pages : 2) Name.................................

Reg. No.................................

...ck Arts & Science College

# SECOND SEMESTER (CBCSS—UG) DEGREE EXAMINATION, APRIL 2020

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM–2

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്.

1. "നില തെറ്റാതേ നിന്നേൻ ധർമ്മത്തെ സ്മരിച്ചുകൊ-
   ണ്ടുലയും മഴുത്തൂമ്പിലൂന്നിയ മിഴിയുമായ് "
   —ആര് ? എപ്പോൾ ?
2. "എത്ര കൊഴുത്ത ചവർപ്പുകൾ കുടിച്ചു വറ്റിച്ചുനാം"—എന്തിനു വേണ്ടി ?
3. "അപ്പോൾ വരേയ്ക്കവരാവതില്ലാത്തവ-
   രപ്രഫുല്ലാശയരപ്രശസ്തർ "
   - സൂചിതമെന്ത് ?
4. കൈരളിയെ പാടവഹീനയെന്നു പറയാൻ കഴിയാത്തതെന്തു കൊണ്ട് ?
5. "ആരും ഇന്നോളം ഇത്തരം കരുമം ചെയ്തിട്ടില്ല"—സൂചിതം വ്യക്തമാക്കുക.
6. "ഇരുട്ട് വഴീല് പത്തീം വിടർത്തി ചീറ്റി നിക്ക്വാണ് അവള്ടെ പക"—ആരുടെ ?
7. ദുഷ്യന്തൻ മാഷ് ഹസ്തിനപുരി പ്രവിശ്യയുടെ ഭരണം ഏറ്റെടുത്തതെങ്ങനെ ?
8. പാണിനിയെ പറ്റിച്ചവനാണ് വിശ്വാമിത്രൻ എന്ന് വി.കെ.എൻ. പറയുന്നതെന്തു കൊണ്ട് ?
9. "അതൊരു പൊതുധാരണയുടെ ചടങ്ങും ഹരവുമായി മാറിക്കഴിഞ്ഞിരിക്കുന്നു "—ഏത് ? സന്ദർഭം വ്യക്തമാക്കുക.
10. "ഒരു കണക്കിന് പുതിയ പിള്ളേരാ ശരി "—സന്ദർഭം വ്യക്തമാക്കുക.
11. ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരമേറ്റെടുത്ത ദിവസം ഒ.വി. വിജയൻ തഞ്ചാവൂർ കോളേജിൽ നിന്നും നാട്ടിലേക്കു വന്നതെങ്ങനെ ?
12. "ഞാൻ മനുഷ്യക്കുട്ടിയല്ലേ ? എനിക്ക് ജീവനുണ്ട്. എനിക്ക് മമ്മയെ കാണാൻ സാധിക്കാത്തതു കൊണ്ട് സങ്കടം വരുന്നുണ്ട് " —ആരുടെ വാക്കുകളാണിത് ? സന്ദർഭം ചൂണ്ടിക്കാട്ടുക.
13. "അതികാമം കൊണ്ട് അന്ധനായ സ്ത്രീജിതന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല "—ആരെക്കുറിച്ച് ആരാണിങ്ങനെ പറയുന്നത് ?എപ്പോൾ ?

Turn over

14. ക്രിസ്റ്റിൻ അഹ്റോൻ ഏതു രാജ്യക്കാരിയാണ് ? അവർ ഇന്ത്യയിലേക്കു വന്നത് എന്തിനായിരുന്നു ?

15. "അയോധ്യയിലെ മഹാരാജാവിന്റെ അവസാനത്തെ ആജ്ഞ എന്തായിരുന്നു ?

(Maximum marks = 25)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.
ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്.

16. "കേടറ്റൊരൗദാര്യശീലത്തിലെന്നെന്നേ
കേളി കേട്ടുള്ളവർ കേരളീയർ"
—ആശയം വ്യക്തമാക്കുക.

17. "ഏതു നന്മയും ക്രമാൽ മുനകൂർപ്പിച്ചിട്ടേറ്റം
യാതനാവഹമാക്കാൻ കഴിയും നരനെന്നും"
—സാരസ്യം വിശദമാക്കുക.

18. "പഴയൊരു മന്ത്രം സ്മരിക്ക, നാമന്യോന്യ-
മൂന്നു വടികളായ് നിൽക്കാം"
—ഭാവതലം വ്യക്തമാക്കുക.

19. ശൂർപ്പണഖ ഗന്ധങ്ങളെ ആട്ടിയോടിച്ചതെന്തിന് ?

20. സിസ്റ്റർ ഫ്ളോറയുടെ ഹൃദയത്തിൽ സമാധാനം നഷ്ടമാകാനുള്ള കാരണമെന്ത് ?

21. വിയറ്റ്നാം സമരത്തിന്റെ പ്രത്യേകതയെന്തായിരുന്നു ?

22. "മുള്ളു മുരുക്കിൽ മാങ്കനി എങ്ങനെയുണ്ടാകും "—ഈ ചൊല്ലിന് സാകേതം നാടകത്തിലുള്ള പ്രാധാന്യമെന്ത് ?

23. "നിന്റെ സൗന്ദര്യം ഏതോ മൂഢന്റെ സ്വപ്നമായിരുന്നു. വേനലേറ്റ പുഴയെപ്പോലെ നീ വറ്റി വരണ്ടു പോയി"
—വക്താവിന്റെ മനോഭാവം വ്യക്തമാക്കുക.

(Maximum marks = 35)

## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.
ഓരോന്നിനും 10 മാർക്ക് വീതം.

24. വള്ളത്തോളിന്റെ 'എന്റെ ഭാഷ' എന്ന കവിത കേവലമായ ഭാഷാ സ്നേഹത്തെയല്ല, മറിച്ച് മലയാളത്തിന്റെ അഭിമാനകരമായ വ്യക്തിത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്—ഉപപാദിക്കുക.

25. 'മഴുവിന്റെ കഥ' എന്ന കവിതയിൽ പൗരാണിക കഥാസന്ദർഭത്തെയും സമകാലിക ജീവിതത്തെയും കൂട്ടി യോജിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

26. ദശരഥൻ എന്ന കഥാപാത്രത്തിന്റെ മാനസിക സംഘർഷങ്ങളെ അവതരിപ്പിക്കുന്നതിൽ സി.എൻ. ശ്രീകണ്ഠൻ നായർ എത്രത്തോളം വിജയിച്ചു എന്നു പരിശോധിക്കുക.

27. ധാർമ്മിക മൂല്യങ്ങളും മനുഷ്യത്വവും നഷ്ടമായ നാഗരിക ജീവിതത്തെ 'ബംഗ്ലാവ്' എന്ന കഥ ദൃഷ്ടാന്തപ്പെടുത്തുന്നതെങ്ങനെ ?

(2 × 10 = 20 marks)

C 82368 (Pages : 2) Name.............................

Reg. No.............................

Arts & Science College

**SECOND SEMESTER B.Com./B.B.A. DEGREE EXAMINATION, APRIL 2020**

(CBCSS–UG)

Malayalam

MAL 2A 08 (2)—MALAYALA SAHITHYA PADANAM 2

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്.

1. നമ്മുടെ ഭാഷ കുചേലകുടുംബിനിയായിപ്പോകുന്ന സാഹചര്യം ഏതാണ് ?
2. ബുദ്ധിമാൻമാരോട് ഭാഷാസ്നേഹിയായ കവി ആഹ്വാനം ചെയ്യുന്നതെന്ത് ?
3. "ഇതെത്ര കാലമായ് പഠിച്ചു ഞാൻ പക്ഷേ,
   ഇടക്കെൻ തൃഷ്ണകൾ കുതറിച്ചാടുന്നു"
   —വക്താവാര് ? വിവക്ഷയെന്ത് ?
4. "നിറകൺമുന്നിലീ ചുവന്ന തീച്ചക്രം"—സൂചിതമെന്ത് ?
5. "ജാതകദോഷം ! വന്നെന്തിന്നെൻ
   ജായാപദവി വരിച്ചു നീ"
   —ആശയം വ്യക്തമാക്കുക.
6. "അടിയറവരുളുകയാണവയെന്നോ-
   ടൊടുവിൽ ശക്തി തരുന്നു നീ"
   —അടിയറവ് എന്തിനോടാണ് ?
7. "ഈ ദിവസത്തിൽ മാത്രമല്ലാത്തൊരു ബന്ധത്തെപ്പറ്റി നീ ചിന്തിക്കുന്നതു പോലും എനിക്കിഷ്ടമല്ല "
   —ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിൽ പറയുന്നതാണിത് ?
8. "രാവണപ്പെരുമാള്ക്ക് അടവില് തോല്മയില്ല "—ശൂർപ്പണഖ ഇങ്ങനെ ചിന്തിക്കുന്നതെന്തുകൊണ്ട് ?
9. "താൻ ഇവിടെയൊരുപകരണമായി മാറിപ്പോയതിൽ അവൻ വളരെയേറേ ഖേദിച്ചു "ആര് ? വിവക്ഷിതമെന്ത് ?
10. "ഒരു യന്ത്രം പോലെ സോനയുടെ കൈകൾ ചലിച്ചു. ഭൂമി കറങ്ങുന്നതു പോലെ അയാൾക്കു തോന്നി. "ഏതു സന്ദർഭത്തിൽ ?
11. "പ്രത്യയശാസ്ത്രത്തിനും പ്രവചനത്തിനുമപ്പുറം അതു മഞ്ഞ മനുഷ്യന്റെയും വെളുത്ത മനുഷ്യന്റെയും ശുദ്ധസംഘട്ടനമായി "—ഏത് ?
12. ചിന്ത്വാഡായിലെ ആദിവാസികളായ ഗോണ്ടുകൾ കുന്നുകൾക്കു മുകളിൽ വീടുവച്ചു പാർത്തതെന്തിന് ?

Turn over

13. "അരങ്ങത്തെ മകനാവില്ല അണിയറയിലെ മകൻ "—ഇങ്ങനെ പറയുന്നതാര് ? ആരോട് ? ഏതു സന്ദർഭത്തിൽ ?

14. "ഈ വക പൂത്ത പാരമ്പര്യമൊന്നും എനിക്കു കേൾക്കണ്ട." സൂചിപ്പിക്കുന്ന പാരമ്പര്യമെന്ത് ? സന്ദർഭം വ്യക്തമാക്കുക.

15. ജയിൽവാസം കൊണ്ട് സതീഷിന്റെ ജീവിതത്തിലുണ്ടായ മാറ്റമെന്ത് ?

(Maximum : 25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്.

16. "അദ്വൈതാമലഭാവസ്പന്ദിത
വിദ്യുന്മേഖല പൂകീ ഞാൻ"
—ആശയവും കാവ്യഭംഗിയും വ്യക്തമാക്കുക.

17. "മത്താടിക്കൊൾകഭിമാനമേ നീ "ഈ ആഹ്വാനത്തിന്റെ അടിസ്ഥാനമെന്ത് ?

18. "പൊടുന്നനെ ചാട്ടയുയർന്നു താഴുന്നൂ
ഇടി മിന്നൽ കോർത്തു പിടയും വേദന"
—സന്ദർഭം എഴുതി ആശയം വിശദമാക്കുക.

19. "മരണങ്ങളുടെ തമാശയിൽ ഹരം കണ്ടിരുന്ന ആ മനുഷ്യൻ കഴിയാവുന്നതും ആംബുലൻസിനു മുമ്പിൽ കയറിപ്പോകാതിരിക്കാൻ ഒക്കാത്തവിധം കാറോടിച്ചു"—കഥയുടെ പ്രമേയവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

20. അവളുടെ പെണ്മയെ ആകെ പിടിച്ചുലച്ചു കൊണ്ട് ഇടയ്ക്കിടെ ഉന്മത്തമായി അതൊഴുകിയെത്താറുണ്ട് —വിവക്ഷിതം വ്യക്തമാക്കുക.

21. "അടച്ച വാതിലിനു പുറത്തുവച്ച് അപരന് എന്തുചെയ്യാൻ കഴിയും." ആരുടേതാണ് ഈ നിസ്സഹായത ? സന്ദർഭമെഴുതി വിശദീകരിക്കുക.

22. മുരളി കൈയിൽ കത്തി കൊണ്ടു നടക്കുന്നതെന്തിന് ?

23. "ഇങ്ങനെയുള്ള ഒരുത്തനെ പൂമാലയും പൂത്താലവുമായി സ്വീകരിക്കണോ"—ആരെ ? ഏതു സന്ദർഭത്തിലാണ് ഈ പ്രതികരണം ?

(Maximum : 35 Marks)

## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

ഓരോന്നിനും 10 മാർക്ക് വീതം.

24. മേഘധ്വനി എന്ന നാടകത്തിന്റെ കാലികപ്രസക്തിയെക്കുറിച്ച് വ്യക്തമാക്കുക.

25. ദയാബായി പങ്കുവയ്ക്കുന്ന അനുഭവകഥനത്തിലുടനീളം പ്രകൃതിയിലേക്കു മടങ്ങുക എന്ന സന്ദേശമാണ് വിലയം കൊള്ളുന്നത്—വിശദീകരിക്കുക.

26. ജീവച്ഛവങ്ങൾ, ബംഗ്ലാവ് എന്നീ കഥകളെ ആധുനികാനന്തര ജീവിതസാഹചര്യത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുക.

27. ചങ്ങമ്പുഴയുടെ കാവ്യജീവിതത്തിന്റെ തുറന്നെഴുത്താണ് മനസ്വിനി—സമർത്ഥിക്കുക.

($2 \times 10 = 20$ marks)